സുബർക്കത്തിന്റെ ശില്പി

ഇ. ഹരികുമാർ



സുബർക്കത്തിന്റെ ശില്പി

ഇ. ഹരികുമാർ
(മലയാളം: ചെറുകഥ)

© 2026, E. Harikumar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Stuttgart-Rotenberg. Burg Wirtemberg from 1600 on Ansichtskarte von 1920, a painting by Jakob Heinrich Renz (1799–1868). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

സുബൈർക്കത്തിന്റെ ശില്പി

ആയിഷയുമായി കന്നിൻപുറത്തെ ബംഗ്ലാവിലെത്തിയപ്പോൾ സമയം നാല് കഴിഞ്ഞിരുന്നു. കതിര വണ്ടി കന്നിന്റെ താഴെ നിർത്തി, അവർ കന്നു കയറി. കാറുകൾക്ക് പോകാനായി കന്ന് ചുറ്റിക്കൊണ്ട് ചരൽപ്പാതയുണ്ട്. നടന്നുകയറാനായി വെട്ടുകല്ലിന്റെ ഒതുക്കുകളും. ഒതുക്കുകൾ കയറി മുകളിലെത്തിയപ്പോഴേക്കും ആയിഷ ക്ഷീണിച്ചു. സലീമിന് അതുകയറ്റം പരിചിതമായിരുന്നു. അമ്പത്തെട്ട് ഒതുക്കുകൾ അവന് കാണാപാഠമായിരുന്നു. കന്നിന്റെ മുകളിലെത്തിയപ്പോഴെ ബംഗ്ലാവ് ശരിക്കും കാഴ്ചയിൽ വന്നുള്ളൂ. ബംഗ്ലാവിന്റെ വല്ലപ്പം അവളെ അമ്പരപ്പിച്ചു.

'തമ്പുരാനെ, ഇങ്ങള് ഇത്രേം ബല്ല്യ ബീട്ടിലാണോ താമസം?'

കയ്യിലുള്ള താക്കോൽക്കൂട്ടത്തിൽ നിന്ന് വലിയ താക്കോലെടുത്ത് വാതിൽ തുറക്കുമ്പോൾ സലിം ചോദിച്ചു.

'അയിശേ ഞമ്മന്റെ വീട് എങ്ങനെണ്ട്?'

'ഉം,' അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു. 'ഇങ്ങടെ ബീടാന്ന് പള്ളിപ്പറഞ്ഞാ മതി.'

വാതിൽ തുറന്നപ്പോൾ വിശാലമായ തളം അതിന്റെ എല്ലാ പ്രതാപത്തോടും കൂടി അവൾക്ക മുമ്പിൽ പ്രത്യക്ഷമായി. ഗ്രില്ലിട്ട വലിയ വാതായനങ്ങളിലൂടെ വരുന്ന സൂര്യപ്രകാശം ഗ്രാനൈറ്റ് പതിച്ച നിലത്ത് പടർന്നു. കാറ്റിൽ ലോലമായ കർട്ടനുകൾ ആടി. ഉയരമുള്ള തട്ടിൽ തൂങ്ങിക്കിടക്കുന്ന രണ്ടു കലവിളക്കുകൾ നോക്കിക്കൊണ്ടവൾ പറഞ്ഞു.

'ഇതാണ്...'

'...സുബർക്കം'

സലിം കൂട്ടിച്ചേർത്തു. അവൾ സംശയത്തോടെ അസൂയയോടെ നോക്കിയപ്പോൾ അവൻ എന്തുകൊണ്ടോ വല്ലാതായി.

അവൻ സൂട്കേസുമായി വലിയ കിടപ്പറയിലേക്കു നടന്നു. നിലത്തിട്ട പരവതാനി അവളുടെ മൃദുവായ കാലടികളെ കിക്കിളിപ്പെടുത്തി. നടുവിലിട്ട വലിയ ഇരട്ടക്കട്ടിലിന്മേൽ വെൽവെറ്റിന്റെ നീലവിരി വിരിച്ചിരിക്കുന്നു. ചുമരിൽ നിറയെ മരം കൊണ്ടുണ്ടാക്കി കണ്ണാടി പതിച്ച അലമാറികൾ.

'ഇതാണ് ഞമ്മടെ കിടപ്പുററി.' സലിം പറഞ്ഞു.
'ഇതാ ഇതാണ് കളിമുറി, ബാ ഞാൻ കാണിച്ചുതരാം.'

സലിം കളിമുറിയിലെ ഉപകരണങ്ങൾ ഒരു മാന്ത്രികനെപ്പോലെ അവൾക്ക് കാണിച്ചു കൊടുക്കുകയായിരുന്നു. സ്വിച്ചിട്ടാൽ ചൂടുവെള്ളം വരുന്ന ടാപ്, കിടന്നു കളിക്കാൻ പറ്റിയ ബാത്ത് ടബ്, ഷവർ, ടെലിഫോൺ ഷവർ. ഒരു ചുമർ മുഴുവൻ നിറഞ്ഞു നിൽക്കുന്ന കറുത്ത കണ്ണാടി.

അവൾ അന്തം വിട്ട് നിൽക്കുകയാണ്. കല്യാണം കഴിഞ്ഞ് ആദ്യരാത്രിയിൽ സലിം ഈ ബംഗ്ലാവിനെപ്പറ്റി പറഞ്ഞിരുന്നു. അതിന്റെ ഉടമസ്ഥനായ പോക്കർ സായ്‌വിനെപ്പറ്റിയും പറഞ്ഞിരുന്നു.

'അന്നെ ഞാൻ ഒരു കൊട്ടാരത്തിലേക്കാ കൊണ്ടുപോക്വാ.'

അവൾ പതുക്കെ, നാണത്തോടെ അവന്റെ ചെവിയിൽ പറഞ്ഞു.

'ന്നാ, അവ്ടെ പോയിട്ട് മതി എന്നെ വേദനിപ്പിക്കല്ല്.'

'വേദനിപ്പിക്ക്യേ?'

'അതെ, ചിരി മുമ്പേന്നെ വേദനിപ്പിച്ചില്ലെ, അത്.'

സലിം ചിരിച്ചു.

'അതെന്താ അയിശേ?'

'അവിട്യാമ്പോ ഞാൻ കരഞ്ഞാലും അരും കേക്കില്ലല്ലോ. ഇബ്ലീടെ ഉമ്മിം ബാപ്പിം കേള്ലേ?'

അവൻ കറച്ചനേരം ആലോചിച്ചിരുന്നു. തനിക്കുവേണ്ടി വേദന സഹിക്കാൻ തയ്യാറായ ഒരു പെൺകുട്ടി. അവന്റെ ഉമ്മ അവന് എട്ടു വയസ്സുള്ളപ്പോഴെ മരിച്ചുപോയിരുന്നു. അവനു വേണ്ടി വേദന സഹിച്ച ആദ്യത്തെ സ്ത്രീ. തനിക്ക ജന്മം നൽകാൻ വേദനതിന്ന സ്ത്രീ. ഇപ്പോൾ ഇതാ തനിക്ക സുഖം തരാനായി വേദന സഹിക്കാൻ ഒരു പെൺകുട്ടി തയ്യാറായിരിക്കുന്നു. അവന്റെ മനസ്സിൽ എവിടെയോ സ്നേഹത്തിന്റെ തളിരുകൾ നാമ്പിടുകയും മൊട്ടുകൾ പൂക്കളായി വിടരുകയും ചെയ്തു.

ഒരു മുറിയിൽനിന്ന് വേറൊരു മുറിയിലേക്ക് കടക്കാൻ വലിയ ജനലുകളുള്ള വരാന്തകൾ, മങ്ങിയ വെളിച്ചമുള്ള ഇടനാഴികൾ, കമാനങ്ങൾ.

'നിങ്ങള് കൊട്ടാരംന്ന് പറഞ്ഞപ്പോഴും ഞാൻ ഇത്രേയാന്നും കരുതില്ല.' അവൾ പറഞ്ഞു. 'എന്നാങ്ങടെ മൊയ്‌ലാളി തിരിച്ചു ബരണത്ല്?'

'ഇന്ന് പോയിട്ടേള്ളൂ ദുബായിക്ക്, രണ്ടാഴ്ച കഴിയും.'

മുതലാളിയുടെ കയറ്റമതി ബിസിനസ്സ് കോഴിക്കോടാണ്. ഇവിടെ എസ്റ്റേറ്റിലെ കാര്യങ്ങൾ നോക്കാൻ മാനേജരും മറ്റ് ജോലിക്കാരും ഉണ്ട്. അതുകൊണ്ട് പോക്കർ സായ്‌വ് വല്ലപ്പോഴേ എസ്റ്റേറ്റിലേക്ക വരാറുള്ളൂ. മുതലാളിയുടെ ബംഗ്ലാവ് സൂക്ഷിപ്പുകാരനാണ് സലിം. ബംഗ്ലാവ് നല്ലതുപോലെ സൂക്ഷിക്കുക, മുതലാളി വന്നാൽ ഭക്ഷണം പാകം ചെയ്തു കൊടുക്കുക, അദ്ദേഹത്തിന്റെ സുഖസൌകര്യങ്ങൾ നോക്കുക തുടങ്ങിയ ജോലിയാണ് സലിമിന്. മുറ്റത്തുള്ള മനോഹരമായ തോട്ടത്തിന്റെ ശിൽപിയും അവൻ തന്നെ. പതിനാറാം വയസ്സിൽ തുടങ്ങിയ ജോലിയാണ്. ഇന്നും ഈ ഇരുപത്തിനാലാം വയസ്സിലും അതേ ആത്മാർത്ഥതയോടെ ചെയ്യുന്നു. മുതലാളി സന്തോഷത്തിലാണ്. കല്ല്യാണത്തിനുള്ള വഴിയും മുതലാളി തന്നെയാണ് കൊടുത്തത്. ഇങ്ങിനെ പറയുകയും ചെയ്തു.

'ഞാൻ ഈ മുപ്പതാന്തി ദുബായില് പൊവ്വാണ്. രണ്ടാഴ്ച അവിട്യായിരിക്കം. ഞാൻ വരാമാ ജജ് അന്റെ കെട്ട്യോളെ ഒരാഴ്ച കൊണ്ടുബന്ന് താമസിപ്പിച്ചോ. ഹമ്ക്കേ അന്ക്ക് ഒന്ന് ഹണിമൂണാകട്ടെ.'

സലിം ആലോചിച്ചുവെച്ചത തന്നെയായിരുന്നു അത്. ബംഗ്ലാവു കാണണോപോൾ ആയിഷയുടെ മുഖത്തെ അമ്പരപ്പും അത്ഭുതവും മനസ്സിൽ കണ്ട് അവൻ ചിരിക്കാറുണ്ട്. മൈതാനം പോലെ വിശാലമായ അടുക്കള. അതിൽ കക്കിംഗ് റേഞ്ച്, ഇരട്ട വാതിലുള്ള രണ്ടു ഫ്രിഡ്ജുകൾ, വാഷിംഗ് മെഷിൻ.

നാലഞ്ചു മാസം കൂട്ടമ്പോൾ ഒരു വാരാന്ത്യത്തിൽ രണ്ടു ദിവസത്തെ താമസത്തിന്നായി ഉർത്താവോടൊത്തു വരാറുള്ള കദീജുമ്മ സലിമിനോട് അസൂയയോടെ പറയാറുണ്ട്.

'വലാലെ ജജ് പാകൃള്ളാനാ. ജജ് സുബർക്കത്തിലല്ല്യെ താമസം.'

അവർ പറഞ്ഞതു ശരിയായിരുന്നു. കോഴിക്കോട്ട് അവരുടെ വീട് ഇതില്വം വല്യതാണ്. നഗരത്തിന്റെ നടുവിൽത്തന്നെ അമ്പതു സെന്റിൽ. ഇവിടെയുള്ള തിനേക്കാൾ വിട്ട സാമാനങ്ങളുമുണ്ട്. പക്ഷേ, അതു സ്വർഗ്ഗമല്ല. ഇവിടെ ഈ ഏകാന്തതയിൽ അവൻ സ്വർഗ്ഗം പണിയുകയായിരുന്നു.

സലിം സ്വർഗ്ഗം പണിയാൻ വിദഗ്നായിരുന്നു.

ബംഗ്ലാവിന്റെ ടെറസ്സിലിരുന്ന് അവർ താഴെ കന്നിൻ ചെരിവിലെ നിരത്തിൽക്കൂടി തൊഴിലാളികൾ ജോലി കഴിഞ്ഞ് പോകുന്നത് നോക്കി. ചേക്കേറാൻ പോകുന്ന പക്ഷികൾ മരച്ചില്ലകളിൽ ഒരു നിമിഷം വിശ്രമിച്ച് വീണ്ടും പറന്നുപോയി. സൂര്യൻ കന്നുകൾക്ക പിന്നിൽ മറഞ്ഞു.

അവർ അടുക്കളയിൽ കടന്ന് പാചകം തുടങ്ങി. ആയിഷ വിദഗ്ധയായിരുന്നു. നെയ്ചോറിന്റെയും ബിരിയാണിയുടേയും ഗന്ധം അവൻ ആസ്വദിച്ചു. അവൻ പിന്നിൽക്കൂടി അവളെ കെട്ടിപ്പിടിച്ചുകൊണ്ട് പറഞ്ഞു.

'അന്നെ ഞാൻ ഇന്നു വേദനിപ്പിക്കം.'

ജീവിതത്തിൽ ആദ്യമായി സ്നേഹിക്കുന്ന ഒരു പുരുഷനാൽ വേദനിക്കപ്പെടാൻ അവൾ ആഗ്രഹിച്ചു.

അവൾ അറബിക്കഥകളുടെ ലോകത്തായിരുന്നു. ഹൂറികളുടേയും മലിക്കുകളുടേയും ലോകത്തിൽ. ഇരട്ടിയപ്പോൾ ബംഗ്ലാവ് ഒരു മാസൂരലോകമായി മാറി. പലതരം വിളക്കുകൾ തട്ടിൽ നിന്ന് തൂങ്ങിക്കിടന്നു പ്രകാശിച്ചു. ഭക്ഷണം പാകം ചെയ്തു കഴിഞ്ഞപ്പോൾ, എല്ലാം ഡിന്നർസെറ്റുകളിലാക്കി ഈട്ടികൊണ്ടുണ്ടാക്കിയ വിശാലമായ മേശപ്പുറത്ത് കൊണ്ടുപോയി നിരത്തി വെച്ചു.

അവൻ കളിമുറിയിൽ പോയി അവൾക്ക കിടന്നുകളിക്കാനായി ബാത്ത് ടബ്ബിൽ വെള്ളം നിറച്ചു.

'അന്നെ ഞാൻ കളിപ്പിച്ചുതരട്ടെ?'

'പിന്നേയ്... നാണല്ല്യല്ലൊ ഇങ്ങക്ക്.'

അവൾ അവനെ പുറത്താക്കി വാതിലടച്ചു.

പുറത്ത് ഇരട്ട് കട്ടപിടിച്ചുനിന്നു. തന്റെ മധുവിധുരാത്രി ഇന്നാണ് തുടങ്ങുന്നതെന്ന് അവൻ ഓർത്തു. തന്റെ വിട്ടിലും അവളുടെ വിട്ടിലും അവന്ന് സ്വകാര്യത അനുഭവപ്പെട്ടില്ല. തൊട്ടടുത്ത മുറികളിൽ ആൾക്കാരുണ്ടായിരുന്നു. ഒന്ന് ശ്വാസം വിട്ടാൽ അവർ അറിയുമെന്ന് തോന്നി. വാതിൽപ്പലകകളുടെ വിള്ളലിൽക്കൂടി കണ്ണുകൾ നീണ്ടുവരുന്നത് പോലെ അവന് തോന്നിയിരുന്നു.

ഇവിടെ ഈ കന്നിൻമേൽ ഏകാന്തതയുടെ കോട്ടയിൽ അവർ തനിച്ചാണ്. അവനും അവളും മാത്രം. ഇന്നു മാത്രമല്ല ഇനി വരാൻ പോകുന്ന മധുവിധു രാത്രികളിലും.

ആയിഷയുടെ കളി കഴിഞ്ഞിരുന്നു. കളിമുറിയിലെ ചില്ലമാറിയിൽ നിന്ന് അവൻ അത്തർ പുറത്തെടുത്തു ആയിഷയുടെ മേൽ പൂശി. അവൻ കളിക്കാൻ കയറി. കളി കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ അവന് നന്നായി വിശന്നിരുന്നു. അവൻ ആയിഷയോട് പറഞ്ഞു.

'നമ്ക്ക് ബെയ്യ്യാ.'

സലിം ചിത്രപ്പണികളുള്ള പ്ലേയ്റ്റ് എടുത്ത് തുടച്ചുവെച്ചു. അവർ അടുത്തടുത്തിരുന്നു.

'ബൈശന്നിട്ട് ബയ്യ.'

ആയിഷ പറഞ്ഞു. അവൾക്ക് ഭക്ഷണം കഴിക്കാൻ ധൃതിയായി. സലിം ബിരിയാണിയുടെ പാത്രത്തിന്റെ അടപ്പു തുറന്നു. ബിരിയാണിയുടെ വാസന പരന്നു.

'നല്ല മണം' അവൾ മൂക്കു വിടർത്തി.

പെട്ടെന്നവൻ ചെവി വട്ടം പിടിച്ചു. അവന്റെ മുഖം വിളറി. കന്നു കയറുന്ന വണ്ടിയുടെ ഇരമ്പച്ച. അതവന് പരിചിതമായ ശബ്ദമായിരുന്നു. അവൻ ഓടി ജനലിലൂടെ നോക്കി.

'ന്റള്ളോ.'

കന്നിന്റെ താഴെ നിന്ന് ബംഗ്ലാവിലേക്കുള്ള വീതികുറഞ്ഞ നിരത്തിലൂടെ ഒരു കാറിന്റെ ഹെഡ്‌ലൈറ്റ് കയറുന്നു. അവൻ വിയർത്തു.

'ചതിച്ചല്ലോ അയിശേ. '

അവൻ ഓടിപ്പോയി കളിമുറിയിൽ ആയിഷ അഴിച്ചിട്ട ഉടുപ്പുകൾ വാരിക്കൂട്ടി, തങ്ങളുടെ സൂട്കേസും പൊക്കിയെടുത്ത് ആയിഷയോട് പറഞ്ഞു.

'അയിശാ, ബെക്കം ബാ.'

അവൻ അവളേയുംകൊണ്ട് ബംഗ്ലാവിന്റെ ഒരറ്റത്തുള്ള കൊച്ചു മുറിയിലേക്ക പോയി. വളരെ ചെറിയ മുറി. ഒരു കൊച്ചു ജനൽ, മുഷിഞ്ഞ ചുമരുകൾ. ഒരു ഒഴിപ്പായി ചെറിയ കട്ടിൽ. അവൻ ആ മുറി ആയിഷയെ കാണിച്ചിരുന്നില്ല. കാണിക്കേണ്ട ആവശ്യമുണ്ടാകമെന്ന് അവൻ കരുതിയിരുന്നില്ല. അവൻ തന്നെ വല്ലപ്പോഴമേ ആ മുറിയിൽ വരാറുള്ളൂ. പകച്ച നിൽക്കുകയായിരുന്ന ആയിഷയെ കട്ടിലിലിരുത്തി അവൻ പറഞ്ഞു.

'മോളെ ജജ് ഇത്തിരി നേരം ഇബിടെ ഇരി. ഞാൻ പൊറത്ത്ന്ന് പൂട്ടിപോവാം.'

സലിം മുറി പുറത്തുനിന്ന് പൂട്ടി. ഇടനാഴിയിലൂടെ ഹാളിലെത്തിയപ്പോഴേക്കും കാറിന്റെ ഹോൺ കേട്ടു. അവൻ ഗേയ്റ്റിലേക്കോടി. മുതലാളി ഒറ്റക്കായിരുന്നു. കാറിൽനിന്ന് മുതലാളിയുടെ ബ്രീഫ്കേസ് എടുത്ത് വാതിലടച്ച് അവൻ അയാളുടെ പിന്നാലെ നടന്നു.

'ദുബായില് അടുത്താഴ്ച്യെ പോണ്ള്ളൂ.'

സായ്‌വ് അകത്തു കടന്നു, ബിരിയാണിയുടെ മണം കിട്ടിയെന്ന തോന്നന്നു, അയാൾ ചോദിച്ചു.

'ജജ് ബല്ലതുംണ്ടാക്കിട്ട്ണ്ടെടാ?'

'ബിര്യാണിണ്ട്.'

'അപ്പോ നമ്മള് ബരണത്ല് ജജ് അറിഞ്ഞു അല്ലെ. ഞാൻ മയ്യത്തിനോട് ഫോണി ബിളിക്കാൻ പറഞ്ഞിര്ന്ന്. ഓൻ ഒരൊഴപ്പനല്ലെ, ഫോൺ ബിളിച്ചിട്ട്ണ്ടാവില്ല്യാന്ന് കരുതി. അപ്പോ ഞമ്മള് ഒന്ന് കളിച്ചിട്ട് ബരാം, ജജ് ഒക്കെ മേശപ്പൊറത്ത് കൊണ്ടു വെച്ചോ.'

സായ്‌വ് കളിമുറിയിൽ കയറിയപ്പോൾ അവൻ ഇടനാഴികയിലൂടെ ഓടി, താക്കോൽ ഇട്ട് അവന്റെ മുറിയുടെ വാതിൽ തുറന്ന് അകത്തു കയറി. ആയിഷ അവൻ ഇരുത്തിയ അതേ ഇരുപ്പാണ്. അവൾ വിളറിയിരുന്നു. വലിയൊരു ബംഗ്ലാവിന്റെ ഏതോ മൂലയിൽ ഒരു കൊച്ചു മുറിയിൽ മങ്ങിയ വെളിച്ചത്തിൽ അവൾ ഒറ്റയ്ക്കായിരുന്നു. സലീം അവളുടെ അടുത്ത് ഇരുന്ന് അവളെ കെട്ടിപ്പിടിച്ചു.

'കരളെ, കൊറച്ച നേരം ക്ഷമിക്ക്. ഞാൻ സായ്‌വിന് ബിരിയാണി കൊടുത്തിട്ട് ബരാം.'

അവൾ ഒന്നും പറയാതെ പരിഭവിച്ച് ഇരിക്കയാണ്. അവന് പോകാൻ ധൃതിയുണ്ട്. സായ്‌വിന് എന്തെങ്കിലും ആവശ്യമുണ്ടെങ്കിലോ? അവൻ അവളുടെ കവിളിൽ ഒരുമ്മ കൊടുത്ത് ധൃതിയിൽ പുറത്തേക്കു കടന്നു.

സായ്‌വ് ഭക്ഷണം ആസ്വദിച്ചു കഴിച്ചു.

'ജജ് അന്റെ കെട്ട്യോള്ടെ അട്ത്ത്ന്ന് ബിര്യാണി ണ്ടാക്കാൻ പടിച്ചു അല്ലേടാ. ആട്ടെ അന്റെ കെട്ട്യോള് എങ്ങനെണ്ട്?'

സലിം ചിരിച്ചു.

'ജജ് ബെക്കം ബയ്യ്, സ്ട്ട് ന്റെ കാലൊന്ന് ഉഴിഞ്ഞ്ന്താ. കോയിക്കോട്ടിന്ന് ഇത്ബരെ ഒറ്റടിക്ക് ബെച്ചതാ.'

സായ്‌വ് എഴുന്നേറ്റു കൈ കഴുകി കിടപ്പറയിലേക്കു പോയി. സലിം മേശ വൃത്തിയാക്കി. ബിരിയാണിയെടുത്ത് ആയിഷയുടെ അടുത്ത് പോയാലോ എന്നവൻ ഒരു നിമിഷം ആലോചിച്ചു. പക്ഷേ, സായ്‌വ് അന്വേഷിച്ചു വന്നാൽ പൊല്ലാപ്പായി. ആയിഷ വിശന്നിരിക്കയാണെന്നവന്നറിയാം. പക്ഷേ, എന്തു ചെയ്യാൻ? അവൻ കിടപ്പറയിലേക്ക പോയി.

സായ്‌വ് കിടന്നിരുന്നു. അവൻ വിളക്കു കെടുത്തി കട്ടിലിൽ സായ്‌വിന്റെ കാൽക്കൽ പോയിരുന്നു കാൽ തിരുമ്മാൻ തുടങ്ങി. രാത്രി വിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ അവന്റെ തിരുമ്മലിന്റെ സുഖത്തിൽ സായ്‌വ് ഞെരങ്ങി. സലിം ആയിഷയുടെ മൃദുവായ ശരീരം ഓർത്തു. നാലു രാത്രികൾ അവളോടൊപ്പം ചെലവിട്ടു. ഇന്ന നാലു രാത്രികളിലും അവൾ ഉടുപ്പഴിക്കാൻ സമ്മതിച്ചില്ല. ആരെങ്കിലും വാതിൽക്കൽ മുട്ടിയാലോ എന്നാണവളുടെ ചോദ്യം.

'ഇങ്ങടെ എസ്റ്റേറ്റില് പോയിട്ട് മതി. ഞാൻ എല്ലാറ്റിനും സമ്മതിക്കാം.'

പതിനെട്ടു വയസ്സിന്റെ കന്യത അവളിലുണ്ടായിരുന്നു. സലിം വിണ്ടും ഉടുപ്പ് അഴിക്കാൻ ശ്രമിച്ചപ്പോൾ അവൾ പറഞ്ഞു.

'ഞാൻ ഇപ്പോ ബാപ്പാനെ ബിളിക്കും, ന്റെ മുണ്ടയി ക്ക്ണ്ന്ന് പറയും.'

സലിം ഓർത്തു ചിരിച്ചു.

'എന്താ വലാലെ ചിരിക്കണ്ട്.'

സായ്‌വ് ചോദിച്ചു. അവന്റെ സ്ത്രൈണമായ മുഖം നാണം കൊണ്ട് ചുമന്നു.

'ജജ് ങ്ങട്ട് കേറി കെടക്ക് വലാലെ'

സായ്‌വിന്റെ ശ്വാസം കനപ്പെട്ടു. ശബ്ദം അടഞ്ഞതായി. അയാളുടെ മാറിലെ നര കയറിയ രോമങ്ങൾ കിടയിലെ സുഗന്ധം അവന് പരിചിതമായിരുന്നു. പതിനാറാം വയസ്സിൽ ഒരനാഥനായി ഈ ബംഗ്ലാവിലെത്തിയപ്പോൾ ഈ ഗന്ധം അവന് ആശ്വാസമരുളിയിരുന്നു. ഉപ്പാപ്പയാണ് അവനെ മുതലാളിയുടെ അടുത്തേക്ക് കൊണ്ടുവന്നത്. ഒരു വൈകുന്നേരം. നാലു മണിക്കൂർ നേരത്തെ ബസ്സ് യാത്ര കഴിഞ്ഞ് അവൻ ക്ഷീണിച്ചിരുന്നു, അവന് വല്ലാതെ വിശന്നിരുന്നു. സായ്‌വ് ചോദിച്ചു.

'എന്താ അന്റെ പേര്?'

'സലിം'

'അണക്ക് പൈക്കിണില്ലെ?'

അവൻ ഒന്നും പറഞ്ഞില്ല. ഉമ്മയുടെ മരണത്തിനു ശേഷം ആരും അവന്റെ വിശപ്പിനെപ്പറ്റി അന്വേഷിച്ചിട്ടില്ല. ബാപ്പ ഉള്ളതും ഇല്ലാത്തതും ഒരുപോലെയായിരുന്നു. പിന്നേയും ഉപ്പാപ്പയാണ് അവന്റെ കാര്യങ്ങൾ നോക്കിയിരുന്നത്. അവന് കരച്ചിൽ വന്നു. മുതലാളി ആട്ടത്ത് ചെന്ന അവന്റെ തോളിൽക്കൂടി കയ്യിട്ട് അടുപ്പിച്ചു.

'ഇജ്ജ് ഇന്റെ കൂടെ നിന്നോ. നസീബ്ണ്ടെങ്കി നന്നാവും.'

അയാൾ അകത്തേക്കു നോക്കി വിളിച്ചു ഒരു വയസ്സായ സ്ത്രീ പുറത്തേക്കു വന്നു. സലീമിനെ ചൂണ്ടിക്കൊണ്ട് അയാൾ പറഞ്ഞു.

'ഇബനെ അകത്തു കൊണ്ടുപോയി എന്തെങ്കിലും തിന്നാൻ കൊടുക്കി.'

രാത്രി ഉറങ്ങാൻ നേരത്ത് സായ്‌വ് കാല് തിരുമ്മാൻ ആവശ്യപ്പെട്ടു. അവന്ന് നല്ല ഉറക്കം വന്നിരുന്നു. അവൻ എവിടെയാണ് കിടക്കേണ്ടതെന്നറിയില്ലായിരുന്നു. വലിയൊരു ബംഗ്ലാവിന്റെ ഏതോ മൂലയിൽ ഒരു കൊച്ചു മുറിയിൽ മങ്ങിയ വെളിച്ചത്തിൽ അവൾ ഒറ്റയ്ക്കായിരുന്നു. സലീം അവളുടെ അടുത്ത് ഇരുന്ന് അവളെ കെട്ടിപ്പിടിച്ചു.

'കരളെ, കൊറച്ച നേരം ക്ഷമിക്ക്. ഞാൻ സായ്‌വിന് ബിരിയാണി കൊടുത്തിട്ട് ബരാം.'

അവൾ ഒന്നും പറയാതെ പരിഭവിച്ച് ഇരിക്കയാണ്. അവന് പോകാൻ ധൃതിയുണ്ട്. സായ്‌വിന് എന്തെങ്കിലും ആവശ്യമുണ്ടെങ്കിലോ? അവൻ അവളുടെ കവിളിൽ ഒരുമ്മ കൊടുത്ത് ധൃതിയിൽ പുറത്തേക്കു കടന്നു.

സായ്‌വ് ഭക്ഷണം ആസ്വദിച്ചു കഴിച്ചു.

'ജജ് അന്റെ കെട്ട്യോള്ടെ അട്ത്ത്ന്ന് ബിര്യാണി ണ്ടാക്കാൻ പടിച്ചു അല്ലേടാ. ആട്ടെ അന്റെ കെട്ട്യോള് എങ്ങനെണ്ട്?'

സലിം ചിരിച്ചു.

'ജജ് ബെക്കം ബയ്യ്, സ്ട്ട് ന്റെ കാലൊന്ന് ഉഴിഞ്ഞ്ന്താ. കോയിക്കോട്ടിന്ന് ഇത്ബരെ ഒറ്റടിക്ക് ബെച്ചതാ.'

സായ്‌വ് എഴുന്നേറ്റു കൈ കഴുകി കിടപ്പറയിലേക്കു പോയി. സലിം മേശ വൃത്തിയാക്കി. ബിരിയാണിയെടുത്ത് ആയിഷയുടെ അടുത്ത് പോയാലോ എന്നവൻ ഒരു നിമിഷം ആലോചിച്ചു. പക്ഷേ, സായ്‌വ് അന്വേഷിച്ചു വന്നാൽ പൊല്ലാപ്പായി. ആയിഷ വിശന്നിരിക്കയാണെന്നവന്നറിയാം. പക്ഷേ, എന്തു ചെയ്യാൻ? അവൻ കിടപ്പറയിലേക്ക പോയി.

സായ്‌വ് കിടന്നിരുന്നു. അവൻ വിളക്കു കെടുത്തി കട്ടിലിൽ സായ്‌വിന്റെ കാൽക്കൽ പോയിരുന്നു കാൽ തിരുമ്മാൻ തുടങ്ങി. രാത്രി വിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ അവന്റെ തിരുമ്മലിന്റെ സുഖത്തിൽ സായ്‌വ് ഞെരങ്ങി. സലിം ആയിഷയുടെ മൃദുവായ ശരീരം ഓർത്തു. നാലു രാത്രികൾ അവളോടൊപ്പം ചെലവിട്ടു. ഇന്ന നാലു രാത്രികളിലും അവൾ ഉടുപ്പഴിക്കാൻ സമ്മതിച്ചില്ല. ആരെങ്കിലും വാതിൽക്കൽ മുട്ടിയാലോ എന്നാണവളുടെ ചോദ്യം.

'ഇങ്ങടെ എസ്റ്റേറ്റില് പോയിട്ട് മതി. ഞാൻ എല്ലാറ്റിനും സമ്മതിക്കാം.'

പതിനെട്ടു വയസ്സിന്റെ കന്യത അവളിലുണ്ടായിരുന്നു. സലിം വിണ്ടും ഉടുപ്പ് അഴിക്കാൻ ശ്രമിച്ചപ്പോൾ അവൾ പറഞ്ഞു.

'ഞാൻ ഇപ്പോ ബാപ്പാനെ ബിളിക്കും, ന്റെ മുണ്ടയി ക്ക്ണ്ന്ന് പറയും.'

സലിം ഓർത്തു ചിരിച്ചു.

'എന്താ വലാലെ ചിരിക്കണ്ട്.'

സായ്‌വ് ചോദിച്ചു. അവന്റെ സ്ത്രൈണമായ മുഖം നാണം കൊണ്ട് ചുമന്നു.

'ജജ് ങ്ങട്ട് കേറി കെടക്ക് വലാലെ'

സായ്‌വിന്റെ ശ്വാസം കനപ്പെട്ടു. ശബ്ദം അടഞ്ഞതായി. അയാളുടെ മാറിലെ നര കയറിയ രോമങ്ങൾ കിടയിലെ സുഗന്ധം അവന് പരിചിതമായിരുന്നു. പതിനാറാം വയസ്സിൽ ഒരനാഥനായി ഈ ബംഗ്ലാവിലെത്തിയപ്പോൾ ഈ ഗന്ധം അവന് ആശ്വാസമരുളിയിരുന്നു. ഉപ്പാപ്പയാണ് അവനെ മുതലാളിയുടെ അടുത്തേക്ക് കൊണ്ടുവന്നത്. ഒരു വൈകുന്നേരം. നാലു മണിക്കൂർ നേരത്തെ ബസ്സ് യാത്ര കഴിഞ്ഞ് അവൻ ക്ഷീണിച്ചിരുന്നു, അവന് വല്ലാതെ വിശന്നിരുന്നു. സായ്‌വ് ചോദിച്ചു.

'എന്താ അന്റെ പേര്?'

'സലിം'

'അണക്ക് പൈക്കിണില്ലെ?'

അവൻ ഒന്നും പറഞ്ഞില്ല. ഉമ്മയുടെ മരണത്തിനു ശേഷം ആരും അവന്റെ വിശപ്പിനെപ്പറ്റി അന്വേഷിച്ചിട്ടില്ല. ബാപ്പ ഉള്ളതും ഇല്ലാത്തതും ഒരുപോലെയായിരുന്നു. പിന്നേയും ഉപ്പാപ്പയാണ് അവന്റെ കാര്യങ്ങൾ നോക്കിയിരുന്നത്. അവന് കരച്ചിൽ വന്നു. മുതലാളി ആട്ടത്ത് ചെന്ന അവന്റെ തോളിൽക്കൂടി കയ്യിട്ട് അടുപ്പിച്ചു.

'ഇജ്ജ് ഇന്റെ കൂടെ നിന്നോ. നസീബ്ണ്ടെങ്കി നന്നാവും.'

അയാൾ അകത്തേക്കു നോക്കി വിളിച്ചു ഒരു വയസ്സായ സ്ത്രീ പുറത്തേക്കു വന്നു. സലീമിനെ ചൂണ്ടിക്കൊണ്ട് അയാൾ പറഞ്ഞു.

'ഇബനെ അകത്തു കൊണ്ടുപോയി എന്തെങ്കിലും തിന്നാൻ കൊടുക്കി.'

രാത്രി ഉറങ്ങാൻ നേരത്ത് സായ്‌വ് കാല് തിരുമ്മാൻ ആവശ്യപ്പെട്ടു. അവന്ന് നല്ല ഉറക്കം വന്നിരുന്നു. അവൻ എവിടെയാണ് കിടക്കേണ്ടതെന്ന

□

ഇ. ഹരികുമാർ



1943 ജൂലൈ 13-ന് പൊന്നാനിയിൽ ജനനം. അച്ഛൻ മഹാകവി ഇടശ്ശേരി ഗോവിന്ദൻ നായർ. അമ്മ ഇടക്കണ്ടി ജാനകി അമ്മ. കൽക്കത്തയിൽ വച്ച് ബി. എ. പാസ്സായി. 1972-ൽ ലളിതയെ വിവാഹം ചെയ്തു. മകൻ അജയ് വിവാഹിതനാണ് (ഭാര്യ: ശുഭ). കൽക്കത്ത, ദില്ലി, ബോംബെ എന്നീ നഗരങ്ങളിൽ ജോലിയെടുത്തു. 1983-ൽ കേരളത്തിലേയ്ക്ക് തിരിച്ചു വന്നു. 1962 തൊട്ട് ചെറുകഥകളെഴുതി തുടങ്ങി. ആദ്യത്തെ കഥാസമാഹാരം 'കൂറകൾ' 72-ൽ പ്രസിദ്ധപ്പെടുത്തി. പതിനഞ്ചു കഥാസമാഹാരങ്ങളും ഒമ്പത് നോവലുകളും ഒരു അനുഭവക്കുറിപ്പും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

പുരസ്കാരങ്ങൾ

- 1988-ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം 'ദി നോസറിന്റെ കുട്ടി' എന്ന കഥാസമാഹാരത്തിന്.
- 1997-ലെ പത്മരാജൻ പുരസ്കാരം 'പച്ചപ്പയ്യിനെ പിടിക്കാൻ' എന്ന കഥയ്ക്ക്.
- 1998-ലെ നാലപ്പാടൻ പുരസ്കാരം 'സൂക്ഷിച്ചുവച്ച മയിൽപ്പീലി' എന്ന കഥാസമാഹാരത്തിന്.
- 2006-ലെ കഥാപീഠം പുരസ്കാരം 'അനിതയുടെ വീട്' എന്ന കഥാസമാഹാരത്തിന്.
- 2012-ലെ ഏറ്റവും മികച്ച കഥയ്ക്കുള്ള കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാദമി അവാർഡ് 'ശ്രീപാർവ്വതിയുടെ പാദം' എന്ന കഥയ്ക്ക്.

ആഡിയോ റിക്കാർഡിങ്, വെബ് ഡിസൈനിങ്, മൾട്ടിമീഡിയ പ്രൊഡക്ഷൻ, പുസ്തകപ്രസിദ്ധീകരണം എന്നിവയിൽ ഏർപ്പെട്ടിട്ടുണ്ട്. 1998 മുതൽ 2004 വരെ കേരള സാഹിത്യ അക്കാദമി അംഗമായിരുന്നു.

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, റിവർ വാലി ക്യാംപസ്, മലയിൻകീഴ്, തിരുവനന്തപുരം, ഇന്ത്യ 695571
URL: <books.sayahna.org>